# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3016      20.06.2014-ലെ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ.കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ത്രിതല പഞ്ചായത്ത് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പഞ്ചവത്സര പദ്ധതിയും അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും ഉൾക്കൊള്ളിച്ച് വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി ത്രിതല പഞ്ചായത്തുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാകുന്നവിധം സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിയ്ക്കുമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിയുടെ സമഗ്രവികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടെ സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പഞ്ചവത്സര പദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥമേധാവിത്തം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്തം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾ, ജനപ്രതിനിധികൾ ഉൾപ്പെട്ട വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നടത്തിപ്പ് മോണിറ്ററിംഗ് നിർവ്വഹിക്കുന്നതും ത്രിതല പഞ്ചായത്ത് തലത്തിലുള്ള ജനപ്രതിനിധികൾ ഉൾപ്പെടുന്ന അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ആണ്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 16.11.2013-ൽ സ.ഉ(എം.എസ്)നം.362/2013/തസ്വഭവ ആയി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ